MAY 2022 **U/ID 30730/ULD3A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. നിൻ തേരോടുന്നിതു ബുധരെങ്ങുനോക്കിയാലും - എങ്ങനെ?

2. സൈകതത്തട്ടിൽ ഗജേന്ദ്രൻപോലെ - ആര്? എങ്ങനെ ശയിക്കുന്നു?

3. ഞാനതിലസൂയാലുവായി പോൽ - ഏതിൽ? ആരാണിങ്ങനെ ചിന്തിക്കുന്നത്?

4. പിച്ച വെറും പിച്ച - കവി ഇങ്ങനെ പറയുന്ന സന്ദർഭമേത്?

5. തടവുകാരനായ്ത്തീർത്തവനാണു ഞാൻ! - എന്തുകൊണ്ട്?

6. തളരും മെയ്യെ സ്നേഹശതങ്ങളണച്ചു പിടിക്കെ - ആര്? ആരെ പിടിക്കുന്നു?

7. കലികയറിക്കമ്പിതയായംബിക നിന്നിടത്ത് ഇന്ന് ഞങ്ങൾ കാത്തുനിൽക്കുന്നത് എങ്ങനെയാണ്?

8. കരൾ ഇമ്മട്ടിലാണ് പ്രഭു ഏന്തുന്നതെന്ന് കവി പറയുന്നു - ഏതു രീതിയിൽ?

9. നക്ഷത്രമാലകളാടുമോ മീതേ - എപ്പോഴാണ് ഇങ്ങനെ പറയുന്നത്?

10. നിനക്കു വേണ്ടതു സ്വാതന്ത്ര്യമല്ലേ, ഇവിടെ അതേയുള്ളൂ - എങ്ങനെ?

11. രണ്ടാമൻ തിന്നപ്പെടുന്നു - ആര്?

12. എത്ര ദുർബലനായ വേടൻ - പൊരുളെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. മതസഹിഷ്ണുതയുമായി ബന്ധപ്പെട്ട പാഠമാണ് 'ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി' യിൽ കാണാനാവുക. ശരിയോ? പരിശോധിക്കുക.

14. ഇടപ്പള്ളിയുടെ കവിതകളുടെ പ്രത്യേകതകൾ 'മണിനാദ'ത്തെ ആസ്പദമാക്കി എഴുതുക.

15. കളിയച്ഛൻ എന്ന കവിതയിൽ പശ്ചാത്താപത്തിന്റെയും പാപബോധത്തിന്റെയും നിഴലുകൾ ഇണക്കിച്ചേർത്തിരിക്കുന്നു - സമർത്ഥിക്കുക.

16. 'ഗജേന്ദ്രമോക്ഷ'ത്തിൽ അഹന്തയുടെ നാശമാണ് കവി അവതരിപ്പിക്കുന്നത് - പരിശോധിക്കുക.

17. മലയാള കവിതയ്ക്ക് ഒരു കത്ത് എന്ന കവിതയിൽ കവി അവതരിപ്പിക്കുന്ന വേവലാതികൾ എന്തെല്ലാം?

18. 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക.

19. 'സർവ്വേ ഓഫ് ഇന്ത്യ' അവതരിപ്പിക്കുന്ന പച്ചയായ യാഥാർത്ഥ്യങ്ങൾ കവിതയുടെ തീക്ഷ്ണസൗന്ദര്യത്തെ കാണിച്ചു തരുന്നു - വിലയിരുത്തുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ
മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. 'കാവിലെ പാട്ടിൽ' ദാർശനികമായ വിഷയങ്ങളാണ് കൈകാര്യം ചെയ്യപ്പെടുന്നത് - വിശദമാക്കുക.

21. അച്ഛനും തച്ചനും ഇടയിലുള്ള ആത്മസംഘർഷത്തെ അതിമനോഹരമായി ജി. ശങ്കരക്കുറുപ്പിന് ആവിഷ്കരിക്കാനാവുന്നു - വിലയിരുത്തുക.

22. കാവ്യകലയിൽ കവിതയിലെ സൗന്ദര്യാവിഷ്കാരം മികച്ച രീതിയിൽ തെളിഞ്ഞു നിൽക്കുന്നുണ്ട് - പരിശോധിക്കുക.

23. പുതിയ കാലത്തെ കവിതകളിൽ കടന്നുവരുന്ന വിഷയങ്ങൾ സജീവമായ കവിതക്കാലത്തെ കാണിച്ചു തരുന്നു എന്ന അഭിപ്രായം വിലയിരുത്തുക.

24. മലയാളത്തിലെ പുതിയ കവിതകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ആത്മനിഷ്ഠമായ ധാരാളം കാര്യങ്ങൾ കാണാനാവും - ചർച്ച ചെയ്യുക.
